## സ്വാതന്ത്ര്യദിന സന്ദേശം

110 /NSS/DHSE/2017 10/08/2017

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം 71-ാം സ്വാതന്ത്ര്യ ദിനാഘോഷ സംസ്ഥാനതല പരിപാടി പത്തനംതിട്ട ജില്ലയിലെ തിരുവല്ല എം.ജി.എം.ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിക്കുന്നു. സ്വാതന്ത്യ ദിനാഘോഷം വിവിധ പ്രവർത്തന പരിപാടികളോടുകൂടി എല്ലാ എൻഎസ്എസ് യൂണിറ്റുകളിലും പിഎസി തലത്തിലും ജില്ലാതലത്തിലും മേഖലാതലത്തിലും സമുചിതമായി ആചരിക്കേണ്ടതാണ്.

1. യൂണിറ്റുതലത്തിൽ സ്വാതന്ത്ര്യദിന സന്ദേശം പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ നൽകുകയും സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ടുള്ള ആശയങ്ങൾ വിദ്യാർത്ഥികളിൽ പ്രചരിപ്പിക്കുന്നതിനായി സ്വാതന്ത്ര്യദിന റാലി , ക്വിസ്, ദേശീയോദ്ഗ്രഥനവുമായി ബന്ധപ്പെട്ട മത്സരങ്ങൾ എന്നിവ നടത്താവുന്നതാണ്.
2. ദത്തു ഗ്രാമത്തിലെ യുവജനങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, സന്നദ്ധ സംഘടനകൾ, വായനശാല അംഗങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ സ്വാതന്ത്ര്യദിന ഓർമ്മയ്ക്കായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാവുന്നതാണ്.
3. സ്വാതന്ത്ര്യദിനത്തെ സംബന്ധിച്ചുള്ള ഡോക്കുമെന്ററികൾ, ഷോർട്ട് ഫിലിം എന്നിവ വിദ്യാലയത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്.
4. സ്വാതന്ത്യദിനാഘോഷത്തിൽ ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്.

എല്ലാ നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാർക്കും, എൻഎസ്എസ് കുടുംബാംഗങ്ങൾക്കും ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ **സ്വാതന്ത്ര്യ ദിനാശംസകൾ....**

**ടീം എൻഎസ്എസ്**

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ(അക്കാഡമിക്) &
പ്രോഗ്രാം കോഡിനേറ്റർ(ഇൻ ചാർജ്ജ്)